മി. സ്പീക്കർ: അത് എന്നോടു ചോദിക്കേണ്ടതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അങ്ങയോടു ചോദ്യം ചോദിച്ചാൽ മറുപടി പറയാൻ സാധിക്കുകയില്ലല്ലോ ?

മി. സ്പീക്കർ: ഏതായാലും ആ പോലീസുദ്യോഗസ്ഥൻ ഞാൻ പറഞ്ഞിട്ടുതന്നെയാണ് വന്നത്. എന്റെ ഓർഡർ അനുസരിച്ചാണ് ഇവിടെ ഡ്യൂട്ടിക്കിട്ടിട്ടുള്ളത്. മുഖ്യമന്ത്രിക്ക് ഇതിൽ കാര്യമില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: അദ്ദേഹം ബഹളം നടന്നതിനിടക്കാണ് ഇവിടെ കയറി വന്നത്. പോലീസ് ഓഫീസർക്ക് ഒരിക്കലും ഈ സ്ഥലത്തു വരാൻ പാടില്ല. ബഹളം നടന്നപ്പോഴ അദ്ദേഹം ഇവിടെ കയറി വരികയും പോലീസിനെ വിളിക്കണമെന്നു പറയുകയും ചെയ്തത് ഇവിടെ വച്ചാണ്. അങ്ങിനെ പറഞ്ഞതും വന്നതും അങ്ങയുടെ അനുവാദത്തോടു കൂടിയാണോ?

മി. സ്പീക്കർ: ഇവിടെ ഡ്യൂട്ടിക്ക് നിയമിക്കുന്നത് എന്റെ ഓർഡർ അനുസരിച്ചാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിൽ ഇടപെടേണ്ട കാര്യമില്ല.

ശ്രീ. വി. കുട്ടിക്കൃഷ്ണൻ നായർ: അന്നത്തെ ബഹളത്തിനിടയിൽ ഇവിടത്തെ വാച്ച് ആൻഡ് വാഡിൽപ്പെട്ട ഒരാളെ മർദ്ദിച്ചതായി പരാതിയുണ്ടായിട്ടുണ്ട്. അതിനെസംബന്ധിച്ച് എന്തെങ്കിലും നടപടികഠം എടുത്തിട്ടുണ്ടോ?

മി. സ്പീക്കർ: അതിനെസംബന്ധിച്ചും എന്റെ ചേമ്പറിൽ വന്നാൽ മറുപടി പറയാം.

ലെവി എടുക്കൽ

* 120 (450) ശ്രീ. ജെ. കമാലിയാസ് മൊറായിസ്:

,, എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങഠംക്ക് റവന്യൂമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1969, 1970 ഈ വർഷങ്ങളിൽ കന്നിപ്പൂവിലും കുംഭപ്പൂവിലും എത്ര ടൺ നെല്ലുവീതം എടുത്തിട്ടുണ്ട്;

(ബി) 160 ഗ്രാം അരി റേഷൻ എന്നുമുതലാണ് അനുവദിച്ചത്;

(സി) ഇത് 120 ഗ്രാം ആയിക്കുറവുചെയ്തത് എന്നാണ്;

(ഡി) ഇങ്ങനെ കുറവുചെയ്യുവാൻ എന്താണ് കാരണം;

(ഇ) ഈ കുറവു പ്രാബല്യത്തിൽ വരുത്തിയ തീയതിക്ക് ഗവൺമെന്റിന്റെ പക്കൽ ഉണ്ടായിരുന്ന അരിസ്റ്റോക്ക് എത്രയായിരുന്നു?

റവന്യുമന്ത്രി (ശ്രീ. കെ. ടി. ജേക്കബ്): (എ) വിവരം താഴെച്ചേർക്കുന്നു. 1969 കുംഭപൂവിൽ സംഭരിച്ച അരിയുടെ കണക്ക് താഴെച്ചേർക്കുന്നു. അതായത് 78319 ടൺ. 1970 കുംഭപൂവിൽ 37333 ടൺ നെല്ലെടുപ്പേ ഉണ്ടായിരുന്നുള്ളു.

(ബി) 15–6–1969 മുതലാണ് 160 ഗ്രാം അരി അനുവദിച്ചിട്ടുള്ളത്.

(സി) 120 ഗ്രാമായി കുറവു ചെയ്തത് 1–2–1970 മുതലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അരിയുടെ കാര്യത്തിൽ കേന്ദ്രഗവൺമെന്റ് ഒരു കരുതൽ സ്റ്റോക്ക് ഉണ്ടാക്കുന്നതിന് 160 ഗ്രാമിൽനിന്ന് 120 ഗ്രാമായി കുറവു ചെയ്യണമെന്ന് സംസ്ഥാനഗവൺമെന്റിനോട് തുടർച്ചയായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയും, സംസ്ഥാനഗവൺമെന്റുകൾക്ക് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന തോതിൽ അരി തുടർന്നും നൽകുന്നതിന് സാധിക്കുമോ എന്ന് കേന്ദ്രഗവൺമെന്റു സംശയം പുറപ്പെടുവിക്കുകയും ചെയ്തതു കൊണ്ടാണ് ഇങ്ങനെ കുറവു ചെയ്യാൻ ഈ ഗവൺമെന്റു നിർബന്ധിതമായത്.

(ഇ) അതിന്റെ കണക്ക് ചുവടെ ചേർക്കുന്നു.

ഒന്ന്, കച്ചവടക്കാരുടെ പക്കലുണ്ടായിരുന്നത് 13234 ടൺ. ഫുഡ് കോർപ്പറേഷന്റെ ഡിപ്പോയിലുണ്ടായിരുന്നത് 191615 ടൺ. സംഭരിച്ച അരിയുടെ തോതിലുള്ള കണക്ക് 11833 ടൺ. ആകെ 216683 ടൺ.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ബഹുമാനപ്പെട്ട മന്ത്രി നൽകിയ കണക്കനുസരിച്ച് എത്രാണ്ട് രണ്ടുമാസത്തിലധികം കാലത്തേക്ക് 160 ഗ്രാം വച്ച് കൊടുക്കാനുള്ള റേഷൻ വിഭവങ്ങൾ ഗവൺമെന്റിന്റെ പക്കൽ സ്റ്റോക്കുള്ളപ്പോൾ, റേഷൻ വെട്ടിക്കുറച്ചതുമൂലം അരിയുടെയും നെല്ലിന്റെയും വില വർദ്ധിക്കുകയുണ്ടായി. ഇത് പരോക്ഷമായി പൂഴ്ത്തിവയ്പുകാരെയും കരിഞ്ചന്തക്കാരെയും സഹായിക്കുകയല്ലേ ചെയ്തത്?

ശ്രീ. കെ. ടി. ജേക്കബ്: റേഷൻ 120 ഗ്രാമായി കുറവു ചെയ്തതു മൂലം അരിയുടേയും നെല്ലിന്റെയും വില വർദ്ധിച്ചുവെന്നു പറയുന്നത് ശരിയല്ല. അതുസംബന്ധിച്ച് ഗവൺമെന്റിന് ലഭിച്ച കണക്കനുസരിച്ച് വിഷമിക്കത്തക്കവിധത്തിലുള്ള യാതൊരു വർദ്ധനവും ഉണ്ടായിട്ടില്ലെന്നതാണ്. പിന്നെ ഒന്നോ രണ്ടോ മാസത്തെ സ്റ്റോക്ക് ഉള്ളതു പഞ്ചമാസത്തേക്ക് സ്റ്റോക്ക് ചെയ്യണമെന്ന് കേന്ദ്രഗവൺമെന്റു തുടർച്ചയായും നിർബന്ധമായും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ചെയ്തത്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: രണ്ടു തവണകളിലായി ഗവൺമെന്റു വെട്ടിക്കുറച്ചത് നോക്കുമ്പോൾ നിയമസഭാസമ്മേളനം തുടങ്ങുമ്പോൾ റേഷൻ കൂട്ടുകയും, നിയമസഭാസമ്മേളനം ഇല്ലാതെയിരിക്കുമ്പോൾ കുറയ്ക്കുകയും ചെയ്യുന്നതായിട്ടാണ് കാണുന്നത്. ഇത് ശരിയാണോ?

ശ്രീ. കെ. ടി. ജേക്കബ്: നിയമസഭയുടെ സമ്മേളനവും, റേഷനിലുള്ള കുറവോ കൂടുതലോ ആയിട്ടു യാതൊരു ബന്ധവുമില്ല. ഇപ്പോഴത്തന്നെ ഏതാണ്ട് ഒരു മാസത്തേക്ക് കുറവു ചെയ്യേണ്ടിവന്നത് നിയമസഭയുടെ സമ്മേളനത്തെ അടിസ്ഥാനമാക്കിയല്ല. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു കാലത്തും ഒരു ഔൺസുപോലും കുറവു ചെയ്യാതെ നിശ്ചിതറേഷനും ഭാതിനുവേണ്ടി കേന്ദ്രഗവൺമെന്റിന്റെ മേൽ ചെയ്യേണ്ട സമ്മർദ്ദങ്ങളൊക്കെ ചെയ്യുന്നുണ്ട്.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഇപ്പോഴും കേന്ദ്രഗവൺമെന്റിന്റെ സമ്മതത്തോടുകൂടിയാണോ പൂർണ്ണ റേഷൻ കൊടുത്തുവരുന്നത്?

ശ്രീ. കെ. ടി. ജേക്കബ്: കേന്ദ്രഗവൺമെന്റിൽനിന്നും രേഖാമൂലമുള്ള സമ്മതം കിട്ടിയിട്ടില്ല. എങ്കിലും മൗനാനുവാദം കിട്ടിയിട്ടുണ്ട്. രേഖാമൂലമുള്ള അനുവാദം കിട്ടുമെന്നുള്ള പ്രതീക്ഷയിലാണ് കൊടുത്തത്.

ഡോ: ജോർജ്ജ് തോമസ്: ഇങ്ങിനെ റേഷന്റെ തോതിൽ കുറവു വരുത്തിയാൽ കേരളത്തിലെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രി കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജേക്കബ്: അറിയിക്കുക മാത്രമല്ല, ഒരു പ്രാവശ്യം അവിടെ പോകുകയും, കേന്ദ്രത്തിലെ ഭക്ഷ്യമന്ത്രിയേയും പ്രധാനമന്ത്രിയേയും മറ്റു ബന്ധപ്പെട്ട എല്ലാവരെയും കണ്ടു ഇക്കാര്യത്തെപ്പറ്റി സംസാരിക്കുകയും, കേരളത്തിന്റെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്ന് തുടർച്ചയായി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. അപ്പോഴാ കിട്ടിയ മറുപടി ഇൻഡ്യയിൽ വെളിയിൽനിന്നുള്ള ഇംപോർട്ടിൽ കുറവു വന്നതിന്റെ ഫലമായിട്ടാണ് ഇങ്ങിനെ കുറവു സംഭവിക്കാൻ ഇടവന്നതെന്നാണ്. അതിന് ഈ ഗവൺമെൻറു ആവശ്യപ്പെട്ടിട്ടുള്ളത് വെളിയിൽനിന്നുള്ള ഇംപോർട്ടിൽ കുറവു വന്നിട്ടുണ്ടെങ്കിലും, ഇൻഡ്യയിലുള്ള പല സംസ്ഥാനങ്ങളിലും ഭക്ഷ്യ വർദ്ധനവുണ്ടായിട്ടുണ്ട്, അവിടെ നിന്നും കൂടുതൽ സംഭരിച്ച്, കേരളത്തിലേക്ക് നിശ്ചിത തോതിൽ തരണമെന്നും പലപ്പോഴും കേന്ദ്രഗവൺമെൻറിന്റെ അടുക്കൽ സമ്മർദ്ദം ചെലുത്തിയാവശ്യപ്പെട്ടിട്ടുണ്ട്.

ഡോ: ജോർജ്ജ് തോമസ്: വെളിയിൽനിന്നുള്ള ഇംപോർട്ടിൽ കുറവുണ്ടായിട്ടുണ്ടെന്നു മുമ്പും പലപ്പോഴും പറഞ്ഞിട്ടുണ്ട്. ഏതായിരുന്നാലും ബഹുമാനപ്പെട്ട മന്ത്രിയുടെ നിവേദനം കേന്ദ്രഗവൺമെൻറു അവഗണിച്ചുവെന്നാണോ മനസ്സിലാക്കേണ്ടത്?

ശ്രീ. കെ. ടി. ജേക്കബ്: അവഗണിച്ചുവെന്നു പറയേണ്ടതില്ല. പൊതുവായി എപ്പോഴും ലഭിക്കുന്ന റേഷനിൽ അൽപ്പസ്വൽപം കുറവു ഒന്നോ രണ്ടോ പ്രാവശ്യമേ വന്നിട്ടുള്ളൂ. ഏതായാലും ഇവിടെനിന്നുമുള്ള നിവേദനങ്ങളൊന്നും തന്നെ കേന്ദ്രഗവൺമെൻറു തള്ളിക്കളഞ്ഞുവെന്നു വിചാരിക്കേണ്ടതില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ പഞ്ചമാസമായ രണ്ടു മാസത്തേക്ക്—ഇവിടെ പഞ്ചമാസം എന്നു പറയുന്നത് മിഥുനം, കർക്കിടകം എന്നീ മാസങ്ങളാണ്—വിതരണം ചെയ്യുന്നതിനും, റേഷൻ കുറച്ചതിന്റെ ഫലമായിട്ട് ഓപ്പൺ മാർക്കറ്റിൽ വില കൂടിയിട്ടില്ലെന്നും—ഓപ്പൺ മാർക്കറ്റിൽ വില കൂടിയിട്ടുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. മാത്രമല്ല ഓപ്പൺ മാർക്കറ്റിൽനിന്നും ഗവൺമെൻറു നേരിട്ടു നെല്ലുവാങ്ങാൻ പോകുന്നുവെന്നുള്ള പ്രസ്താവനയും കൂടിയായപ്പോഴാ ഓപ്പൺ മാർക്കറ്റിൽ നെല്ലിന്റെയും അരിയുടേയും വില വളരെയധികം വർദ്ധിച്ചിട്ടുണ്ട്. ഇതെല്ലാം ബ്ലാക്ക്മാർക്കറ്റിൽ കച്ചവടം നടത്തുന്നവരെ സഹായിക്കുന്നതിന് കരുതിക്കൂട്ടിയുള്ള നടപടികളാണെന്ന് വിചാരിക്കുന്നതിൽ തെറ്റുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: ഓപ്പൺമാർക്കറ്റിൽനിന്നും നെല്ല് ഗവൺമെൻറു നേരിട്ടു വാങ്ങുമെന്നുള്ള പ്രസ്താവന പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ പ്രൊക്കുവർമെൻറു വളരെ രൂക്ഷമായും ശക്തിയായും നടപ്പിലാക്കുമെന്നും അത് വിപുലപ്പെടുത്തുമെന്നുമാണ് പറഞ്ഞിട്ടുള്ളത്. ബ്ലാക്ക് മാർക്കറ്റ് സംപ്രദായത്തെ അറിഞ്ഞോ അറിയാതെയോ ഒരു വിധത്തിലും സഹായിക്കുന്നതിനുള്ള യാതൊരു നടപടിയും ഗവൺമെൻറ് എടുത്തിട്ടില്ല,. ഇനി എടുക്കുകയുമില്ലെന്ന് സഭയ്ക്ക് ഉറപ്പു നൽകാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഓപ്പൺമാർക്കറ്റിൽനിന്ന് ഗവൺമെൻറ് നേരിട്ട് നെല്ല് വാങ്ങുമെന്നു പറഞ്ഞിട്ടില്ലെന്നാണോ പറയുന്നത്?

ശ്രീ. കെ. ടി. ജേക്കബ്: പറഞ്ഞിട്ടില്ലേ എന്നു പറഞ്ഞാൽ ഈ അർത്ഥത്തിലുള്ള പറച്ചിലേ പറഞ്ഞിട്ടുള്ളൂ. ലെവി കൂടുതൽ എടുക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

തിനുവേണ്ടി ഗവൺമെൻറ് നേരിട്ടിറങ്ങി നെല്ല് പർച്ചേസ് ചെയ്യുമെന്നുള്ള അർത്ഥത്തിലാണ് പറഞ്ഞിട്ടുള്ളത്. അല്ലാതെ മറ്റുവിധത്തിലല്ല. ഇൻഡ്യാ ഗവൺമെൻറ് ഫിക്സ് ചെയ്തിട്ടുള്ള വിലക്കല്ലാതെ വേറൊരു വിലക്കും ഈ ഗവൺമെൻറിന് അരി വാങ്ങാൻ സാദ്ധ്യമല്ലെന്നുള്ള വിവരം ആദ്യം ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കണം. ഏതെങ്കിലും വിധത്തിൽ, തോന്നിയമാതിരി കച്ചവടക്കാരുടെ അടുക്കൽപോയി അരി വാങ്ങാൻ സാധിക്കുകയില്ല. നിയമം അതിന് അനുവദിക്കുകയില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി കച്ചവടക്കാരിൽ നിന്നു എടുക്കുന്നു എന്നല്ല പറഞ്ഞത്. ലെവിയും റിക്വിസിഷനും വഴിക്കല്ലാതെ കൃഷിക്കാരിൽനിന്ന്, ഓപ്പൺ മാർക്കറ്റിൽനിന്ന് നേരിട്ട് ഗവൺമെൻറ് നെല്ല് വാങ്ങുമെന്നു പ്രഖ്യാപിച്ചിട്ടില്ലേ? അങ്ങനെയുള്ള പ്രഖ്യാപനം നടത്തിയിട്ടില്ലേ?

ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെയുള്ള പ്രഖ്യാപനം നടത്തിയിട്ടില്ലെന്ന് വ്യക്തമാക്കിക്കഴിഞ്ഞു. ഗവൺമെൻറ് ഇത് ത്വരിതപ്പെടുത്താനുള്ള തീഷ്ണത കാണിക്കുന്നതിനുവേണ്ടി വികാരം പ്രകടിപ്പിച്ച അർത്ഥത്തിൽ മാത്രമേ പരസ്യമായി വെളിയിൽനിന്ന് നെല്ല് എടുക്കുമെന്ന് പറഞ്ഞതിനെ കണക്കാക്കേണ്ടതുള്ളൂ.

ശ്രീ. ഈ. ജാൺജേക്കബ്: കേരളത്തിൽ മുഴുവൻ സ്ഥലത്തും കൊയ്ത്തു നടക്കുന്ന ഫെബ്രുവരി മാസത്തിൽ അരിവില താഴോട്ടുപോകുന്ന അവസ്ഥയാണ് കാണുന്നത്. ആ സമയത്ത് അരിറേഷൻ 120 ഗ്രാമായി കുറച്ച്, കൂടുതൽ അരി സമ്പാദിച്ച്, സാധാരണവില കൂടുന്ന പഞ്ച മാസങ്ങളായ ജൂൺ, ജൂലായ് മാസങ്ങളിൽ റേഷൻ മുഴുവൻ കൊടുക്കുന്നതിന് ഗവൺമെൻറിന്റെ കയ്യിൽ സ്റ്റോക്കുണ്ടാക്കുന്നതിനുവേണ്ടി കൂടുതൽ അരി വാങ്ങുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: ഏതായിരുന്നാലും ആവശ്യത്തിനുള്ള സ്റ്റോക്കുണ്ടായിരിക്കണമെന്നു ഗവൺമെൻറ് കരുതുന്നുണ്ട്. അതിനു വേണ്ടിയുള്ള ശ്രമങ്ങളും നടക്കുന്നുണ്ട്. ഇപ്പോഴും അരി റേഷനിൽ കുറവ് വരുത്തിയത് വരാൻപോകുന്ന പഞ്ച മാസങ്ങളെ കരുതികൊണ്ടാണ്. കഴിഞ്ഞ ജൂൺ മാസംമുതൽ ഇങ്ങോട്ടുള്ള ഫയലിലെ രേഖകളും പരിശോധിച്ചാൽ നിരവധി പ്രാവശ്യം കേന്ദ്രഗവൺമെൻറ് റേഷൻ 120 ഗ്രാമായി കുറയ്ക്കണമെന്നു പറഞ്ഞിട്ടുള്ളതായി കാണാൻ സാധിക്കും. ഏറ്റവുമൊടുവിൽ കേന്ദ്രഗവൺമെൻറിലെ ഭക്ഷ്യമന്ത്രിയായ ശ്രീ. ജഗജ്ജീവൻറാം നേരിട്ട് ഒരു കത്തെഴുതുകയുണ്ടായി. എന്തായിരുന്നാലും കുറവ് ചെയ്തേ മതിയാകൂ എന്നു നിർബന്ധം പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് അരിറേഷൻ കുറവ് ചെയ്യാൻ ഗവൺമെൻറ് നിർബന്ധിതമായത്.

ശ്രീ. എം. രാമുണ്ണി: കേരളം ഒരു ഹരിതവിപ്ലവത്തിൽകൂടി കടന്നു പോകുകയാണെന്ന് ഗവൺമെൻറ് പ്രഖ്യാപിച്ചിട്ടും വളരെയധികം നെല്ല് ഉൽപ്പാദിപ്പിക്കുന്നതിന് സാധിച്ചിട്ടും എന്തുകൊണ്ടാണ് ഇടയ്ക്കിടക്ക് കൂട്ടുകയും കുറക്കുകയും ചെയ്യുന്നതെന്നു പറയാമോ?

ശ്രീ. കെ. ടി. ജേക്കബ്: ഹരിതവിപ്ലവം എത്ര കൊടികുത്തി വാണാലും നമുക്കൊരു പരിധിയുണ്ടെന്നറിയാം. സംഭരിക്കുന്ന നെല്ല് മുഴുവൻ ഇത്ര മാസത്തേക്കേ കൊടുക്കാൻ സാധിക്കുകയുള്ളൂ എന്നു നമുക്കറിയാം ഏതായാലും ഗവൺമെൻറ് പ്രൊക്യുവർമെൻറ് പോളിസി പ്രഖ്യാ

LIBRARY ARCHIVES Kerala Legislative Assembly

പിച്ചിട്ടുണ്ടെങ്കിലും വലിയ മാറ്റം വരുത്താൻ കഴിഞ്ഞിട്ടില്ല. അടുത്ത പൂവോടുകൂടി പ്രൊക്യുവർമെൻറ് ആർഡർ പരിശോധിച്ച് വേണ്ട മാറ്റം വരുത്തി കൂടുതൽ നെല്ല് സംഭരിക്കാൻ സാധിക്കും. ഈ സമയംകൊണ്ട് കഴിഞ്ഞ പൂവിൽ കിട്ടിക്കൊണ്ടിരുന്നതിനേക്കാൾ കൂടുതൽ നെല്ല് എടുക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഹരിതവിപ്ലവംമൂലം കൂടുതലായി ഉൽപ്പാദിച്ച നെല്ലിന്റെ ഗണ്യമായ ഭാഗം എടുക്കാൻ ഗവൺമെൻറ് ശ്രമിക്കുകയാണ്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ: രണ്ടുമാസത്തേക്ക് 160 ഗ്രാം വച്ച് റേഷൻ വിതരണം നടത്താനുള്ള സ്റ്റോക്കുണ്ടായിരിക്കേ 120 ഗ്രാമായി ചുരുക്കിയത് പ്രത്യേക കാരണമില്ലാതെയാണെന്നും അതോടൊപ്പംതന്നെ സഹകാര്യമായി നെല്ല് സ്റ്റോക്ക് ചെയ്തിരിക്കുന്ന ആളുകളിൽനിന്ന് ഗവൺമെൻറ് നേരിട്ട് നെല്ല് വാങ്ങാൻ പോകുന്നു എന്നു പ്രഖ്യാപിച്ചത് അവർക്ക് ലാഭമുണ്ടാക്കാനാണെന്നും ധരിക്കുന്നതിൽ തെറ്റുണ്ടോ?

ശ്രീ. കെ. ടി. ജേക്കബ്: അങ്ങനെ ധരിക്കുന്നതിൽ തെറ്റുണ്ട്.

ഡോക്ടർ ജോർജ് തോമസ്: കേന്ദ്രമന്ത്രി ശ്രീ. ജഗജ്ജീവൻറാമിന്റെ നിർബന്ധം കൊണ്ടാണ് അരിറേഷൻ വെട്ടിക്കുറച്ചതെന്നു പറഞ്ഞു. അതിനുശേഷം കേന്ദ്രഗവൺമെൻറിന്റെ പ്രത്യേക അനുവാദം കൂടാതെ റേഷൻ വർദ്ധിപ്പിച്ചു എന്നും പറഞ്ഞു. അതിനുണ്ടായ പ്രത്യേക സാഹചര്യം എന്താണെന്നു പറയാമോ?

ശ്രീ. കെ. ടി. ജേക്കബ്: പ്രത്യേകമായ സാഹചര്യമൊന്നുമില്ല. കേന്ദ്രമന്ത്രിയിൽനിന്നു ഇതുപോലുള്ള നിർദ്ദേശങ്ങൾ കിട്ടിയാൽ, പിന്നെയും അത് തുടർച്ചയായി കിട്ടിക്കൊണ്ടിരുന്നാൽ അവയേയും അവഗണിച്ചുകൊണ്ട് അരിറേഷൻ 160 ഗ്രാമായി തുടർന്നാൽ തന്നുകൊണ്ടിരിക്കുന്ന അരി കുറയുകയും, മറ്റു സൗജന്യങ്ങൾ ലഭിക്കാതിരിക്കുകയും ചെയ്യുമെന്നു ഗവൺമെൻറിനു തോന്നി. ഒരവസരത്തിൽ കുറേ കുറയുകയുംചെയ്തു. ആ അവസരത്തിൽ അത് പരിഗണിക്കാൻ ഗവൺമെൻറ് നിർബന്ധിതമായി.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: നിയമസഭാ സമ്മേളനം ആരംഭിച്ചതുകൊണ്ട് ഭാഗ്യവശാൽ 160 ഗ്രാമാക്കിയത്, 'കൊട്ടാരക്കരമൽസരം' ആരംഭിക്കുമ്പോൾ എത്ര ഗ്രാമായി വർദ്ധിപ്പിക്കുമെന്നു പറയാൻ ദയവുണ്ടാകുമോ?

മി. സ്പീക്കർ: ആ ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. പി. കുഞ്ഞൻ: 120 ഗ്രാമായി ചുരുക്കിയതുകൊണ്ട് ചുരുക്കിയ കാലമത്രയും എത്ര അരി കേരളത്തിൽ മിച്ചമുണ്ടായിട്ടുണ്ടെന്നു പറയാമോ? അങ്ങനെ അരിറേഷൻ ചുരുക്കിയത് കോട്ടയം മുതലാളിമാരെ സഹായിക്കാൻ മന്ത്രി കരുതിക്കൂട്ടി ചെയ്തതാണെന്നു പത്രങ്ങളിൽ പ്രസ്താവന വരികയുണ്ടായി. അത് വാസ്തവമാണോ?

ശ്രീ. കെ. ടി. ജേക്കബ്: അല്ല. ഇതുകൊണ്ട് എന്തെങ്കിലും ഗുണമുണ്ടെങ്കിൽ പാലക്കാട്ടെ മുതലാളിമാർക്കായിരിക്കും. കോട്ടയം മുതലാളിമാർക്ക് ഒരു ഗുണവുമില്ല.

ശ്രീ. എസ്. ദാമോദരൻ: ചുരുങ്ങിയ കാലത്തേക്ക് റേഷൻ വെട്ടിക്കുറച്ചതുകൊണ്ട് ഏതെങ്കിലും ഡിസ്ട്രിക്റ്റിലെ ഏതെങ്കിലും മുതലാളിമാർക്ക് എന്തെങ്കിലും ഗുണം കിട്ടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. ജേക്കബ്: മുതലാളിമാരുടെ കണക്ക് പരിശോധിക്കുക, സൂക്ഷിക്കുക ഇതൊന്നും ഈ ഗവൺമെൻറിന്റെ ചുമതലയല്ല.

ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: ഇ. എം. എസ്. നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായി ഭരിച്ചുകൊണ്ടിരുന്ന കാലത്ത് ഈ രാജ്യത്ത് അരി റേഷൻ കുറച്ചിട്ടുണ്ടോ? അന്ന് ഈ രാജ്യത്തെ എത്ര ആയിരം മുതലാളിമാരെ സംരക്ഷിച്ചിട്ടുണ്ടെന്നു ഗവൺമെൻറിന് അറിയാമോ?

ശ്രീ. കെ. ടി. ജേക്കബ്: അറിഞ്ഞുകൂടാ.

മുൻമന്ത്രി ശ്രീ. പി. കെ. കുഞ്ഞുസാഹിബ്ബിനെ മന്ത്രിസഭയിൽ തിരിച്ചെടുക്കാനുള്ള നീക്കം

* 121 (451) ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻമന്ത്രി ശ്രീ. പി. കെ. കുഞ്ഞുസാഹിബിനെ കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ മന്ത്രിസഭയിൽ തിരികെ എടുക്കുവാൻ ഏതെങ്കിലും ഭരണകക്ഷികൾ മുഖ്യമന്ത്രിയോടാവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, അദ്ദേഹത്തെ മന്ത്രിസഭയിൽ തിരികെ എടുക്കുവാൻ മുഖ്യമന്ത്രി ഉദ്ദേശിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): (എ) ഇല്ല.

(ബി) 'എ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: ഐ. എസ്. പി. യുടെ നേതാക്കൻമാർ ബഹുമാനപ്പെട്ട മന്ത്രിയോട് ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ഇല്ല.

ശ്രീ. എം. രാമുണ്ണി: കുഞ്ഞുസാഹിബ്ബിന്റെ അഡ്വക്കേറ്റ് ശ്രീ. എസ്. ഈശ്വരയ്യർ കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ മന്ത്രിയാക്കണമെന്ന് ഉപദേശം നൽകിയതായി അറിയുന്നു. അത് വാസ്തവമാണോ? അത് സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ഗവൺമെൻറിന് ശ്രീ. ഈശ്വരയ്യർ യാതൊരു ഉപദേശവും നൽകിയിട്ടില്ല.

മാർക്സിസ്റ്റുപാർട്ടി എം. എൽ. എ. മാരുടെ സത്യാഗ്രഹം

* 122 (452.) ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സെക്രട്ടേറിയറ്റുനടയിൽ മാർക്സിസ്റ്റു പാർട്ടി എം. എൽ. എ. മാർ ഈ മാസത്തിൽ നടത്തിയ സത്യാഗ്രഹസമരപരിപാടി അവസാനിപ്പിക്കാൻ മുഖ്യമന്ത്രി എന്തെല്ലാം ചെയ്തുവെന്നു വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly